SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-07/10/2023.

1. നാളികേര വികസന ബോർഡിന്റെ കീഴിൽ ആലുവ വാഴക്കുളത്ത് പ്രവർത്തിക്കുന്ന സി.ഡി.ബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നാളികേരാധിഷ്ഠിത ഉൽപന്നങ്ങളുടെ വിവിധതരം പരിശീലന പരിപാടികൾ നടത്തിവരുന്നു. ഒരുദിവസം മുതൽ നാല് ദിവസം വരെ ദൈർഘ്യമുള്ള പരിശീലന പരിപാടികൾ ആണ് നടത്തപ്പെടുന്നത്. നാളികേര ചിപ്സ്, കുക്കീസ്, ചോക്ലേറ്റ്, സ്‌ക്വാഷ്, ചമ്മന്തിപ്പൊടി, അച്ചാർ, ബർഫി എന്നിങ്ങനെ വിവിധ ഉത്പന്നങ്ങളാണ് പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിനാഗിരി, നാറ്റാ ഡി കൊക്കോ എന്നിവയ്ക്ക് ഏക ദിന പരിശീലനം ലഭ്യമാണ്., തെങ്ങിൻ പൊങ്ങിൽ നിന്നുള്ള ഉത്പന്നങ്ങൾ, നാളികേര ഐസ്ക്രീം എന്നിങ്ങനെ നാളികേര അധിഷ്ഠിത ഉത്പന്നങ്ങളുടെ ടെക്നോളജി താല്പര്യമുള്ളവർക്ക് എടുക്കാവുന്നതാണ് . പരിശീലന ക്ലാസിന്റെ രജിസ്‌ട്രേഷൻ, ടെക്നോളജി ട്രാൻസ്ഫറിന്റെ വിവരങ്ങൾ, ഫീസ് എന്നീ വിവരങ്ങൾക്ക് 0484-2679680 എന്ന നമ്പറിൽ തിങ്കൾ - വെള്ളി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 5 മണിക്കുള്ളിൽ ബന്ധപ്പെടാവുന്നതാണ്. cit-aluva@coconutboard.gov.in എന്ന ഇമെയിലിലും ബന്ധപ്പെടാവുന്നതാണ്.

2. വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 2020 ഓഗസ്റ്റ് 31 വരെയും മറ്റു 12 ജില്ലകളിലെ കർഷകർ 2016 മാർച്ച് 31 വരെയും എടുത്ത കാർഷിക വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുന്നതിന് സർക്കാർ ഉത്തരവായി. വ്യക്തിഗത അപേക്ഷകൾ സം സ്ഥാന കർഷക കടാശ്വാസ കമ്മിഷനിൽ ഡിസംബർ 31 വരെ സ്വീകരിക്കും. നേരിട്ടോ തപാൽ മുഖേനയോ അപേക്ഷിക്കാം. കമ്മീഷനിലൂടെ കാർഷിക കടാശ്വാസം മുൻപു ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ പാടില്ല. നിലവിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മാത്രമാണ് സർക്കാരിന്റെ കടാശ്വാസ പദ്ധതിയുമായി സഹകരിക്കുന്നത്. അതിനാൽ മറ്റു ബാങ്കുകളിലെ വായ്പാ കുടിശികയിൽ അപേക്ഷ സ്വീകരിക്കില്ല. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ **0471 2743782, 2743783.** റേഷൻ കാർഡിന്റെ പകർപ്പ്, വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫിസറുടെ സാക്ഷ്യ പത്രത്തിന്റെ അസ്സൽ, കർഷകനാണെന്ന് തെളിയിക്കുന്നതിന് കൃഷി ഓഫീസറുടെ സാക്ഷ്യപത്രം (അസ്സൽ) വായ്പ നിലനിർത്തുന്ന പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ അപേക്ഷക്കൊപ്പം നൽകേണ്ടതാണ്.

3. കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാലയ്ക്കു കീഴിലുള്ള വിവിധ ജില്ലകളിലെ (തിരുവനന്തപുരം, ഇടുക്കി, വയനാട്) ഡയറി സയൻസ് കോളേജുകളിലും, വി കെ ഐ ഡി

ഫ് ടി. മണ്ണുത്തിയിലും നടത്തി വരുന്ന ബി.ടെക് ഡയറി ടെക്നോളജി കോഴ്സിലേക്ക് ഉള്ള 2023 അക്കാഡമിക് വർഷത്തെ സ്പോട്ട് അഡ്മിഷൻ 09.10.2023 രാവിലെ 11 മണിക്ക് മണ്ണുത്തി ക്യാമ്പസ്സിലെ വർഗീസ് കുരിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജിയിൽ വെച്ച് നടത്തപ്പെടുന്നു. പ്രവേശനത്തിനായി നിശ്ചിത യോഗ്യത ഉള്ള വിദ്യാർത്ഥികൾ തങ്ങളുടെ സർട്ടിഫിക്കറ്റുകളുടെയും അനുബന്ധ രേഖകളുടെയും ഒറിജിനലും പകർപ്പുമായി 09.10.2023 രാവിലെ 11 മണിക്ക് മുൻപായി മണ്ണുത്തി ക്യാമ്പസ്സിലെ വർഗീസ് കുരിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജിയിൽ എത്തി ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.kvasu.ac.in എന്ന സന്ദർശിക്കുക. ഫോൺ: 04936 209272, 209270, 209269.

4. റബ്ബർവിപണനത്തിനായി റബ്ബർബോർഡ് തയ്യാറാക്കിയിട്ടുള്ള ഇലക്ട്രോണിക് ട്രേഡ് പ്ലാറ്റ്ഫോം ആയ എം റൂബി-യിൽ രജിസ്റ്റർ ചെയ്ത അംഗങ്ങളിൽ നിന്ന് റബ്ബർവിപണനത്തിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്നവർക്ക് 'എം റൂബി അക്കൊലേഡ് 2024' അവാർഡ് നൽകുന്നതാണ്. ടയർമേഖല, ടയറിതരമേഖല, റബ്ബർഡീലർമാർ, റബ്ബർപാൽ സംസ്കർത്താക്കൾ, ഐ.എസ്എൻ ആർ സംസ്കർത്താക്കൾ, വടക്കുകിഴക്കൻമേഖലയിലെ റബ്ബറുത്പാദകസംഘങ്ങൾ, വടക്കുകിഴക്കൻമേഖല ഒഴികെയുള്ള സ്ഥലങ്ങളിലെ റബ്ബറുത്പാദകസംഘങ്ങൾ എന്നിങ്ങനെ ഏഴു വിഭാഗങ്ങളിൽ നിന്ന് എം റൂബി-യിലൂടെ മികച്ച പ്രകടനം നടത്തുന്നവർക്കാണ് അവാർഡ് നൽകുക. അമ്പതിനായിരം രൂപയും പ്രശസ്തിപത്രവുമാണ് അംഗീകാരമായി നൽകുന്നത്. കൂടാതെ ഏറ്റവും കൂടുതൽ കോൺട്രാക്റ്റിൽ ഏർപ്പെടുന്നവർക്ക് എം റൂബി ലോയൽറ്റി അവാർഡും സഹകരണമേഖലയിൽനിന്ന് എം റൂബിയിലൂടെ കൂടുതൽ വിപണനം ചെയ്യുന്നവർക്ക് എം റൂബി ഇന്നൊവേഷൻ അവാർഡും നൽകുന്നതാണ്. 25000 രൂപയാണ് അവാർഡ് തുക. എം റൂബി യുടെ റജിസ്ട്രേഷൻ ലിങ്ക്. https://www.mrube.in/en-US/user-register ആണ് കൂടുതൽ വിവരങ്ങൾക്ക് 8301952290 എന്ന നമ്പരിൽ ബന്ധപ്പെടുക. റബ്ബർബോർഡ് ആരംഭിച്ചിട്ടുള്ള ഇലക്ട്രോണിക് വിപണന സംവിധാനമായ എം റൂബി, പ്രകൃതിദത്തറബ്ബർ വ്യാപാരം ചെയ്യുന്നതിനുള്ള ഒരു ബദൽ സംവിധാനമാണ്. 2022- തുടക്കമിട്ട എം റൂബി യിലൂടെ ഇതിനകം 1765 അംഗങ്ങൾ 195 കോടി മൂല്യം വരുന്ന 15,000 ടൺ റബ്ബർ വിപണനം നടത്തിയിട്ടുണ്ട്.

**പരിശീലന പരിപാടി**

5. ക്ഷീരവികസന വകുപ്പിന്റെ ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ഈ മാസം 10 11 (ഒക്ടോബർ 10 11) തീയതികളിൽ തീറ്റപ്പുൽകൃഷി പരിശീലനം എന്ന വിഷയത്തിൽ ക്ലാസ് റൂം പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ജില്ല ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തരമോ അതാത് ബ്ലോക്ക് വികസന ഓഫീസർ മുഖാന്തിരമോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ എപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല രജിസ്ട്രേഷൻ ഫീസ് 20 രൂപ. താല്പര്യമുള്ള ക്ഷീരകർഷകർ ഒക്ടോബർ 9ന് വൈകിട്ട് 5 മണിക്ക് മുൻപായി 8089391209, 0476 2698550 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ടി. എയും ഡി എയും ഉണ്ടായിരിക്കുന്നതാണ്. ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്.

6. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ തീറ്റപുൽ കൃഷി സമഗ്ര പരിശീലനം ഈ മാസം 11,12 (ഒക്ടോബർ 11, 12) തിയതികളിൽ നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 8113893159 ലേക്ക് വാട്ട്സ്ആപ്പ് ചെയ്യുകയോ 0471-2501706 ൽ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രഷേൻ ഫീസ് 20 രൂപ. ആധാർ , ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.